ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:09.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ എൻഡിഎ സർക്കാർ കേന്ദ്രത്തിൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. രാഷ്ട്രപതി ഭവനിൽ ഒരുക്കങ്ങൾ പൂർത്തിയായി.

   **The NDA government under the leadership of Prime Minister Narendra Modi will take oath at the Center today. Preparations are complete at Rashtrapati Bhavan.**

2. വിവിധ രാഷ്ട്രതലവന്മാർ ഉൾപ്പെടെയുള്ള പ്രമുഖ വിദേശനേതാക്കൾ സത്യപ്രതിജ്ഞ ചടങ്ങിൽ വിശിഷ്ടാതിഥികളാകും. രാഷ്ട്രപതി ദ്രൗപദി മുർമു സംഘടിപ്പിക്കുന്ന വിരുന്നിലും നേതാക്കൾ പങ്കെടുക്കും.

   **Eminent foreign leaders including various Heads of State will be the special guests at the swearing-in ceremony. The leaders will also attend a banquet hosted by President Draupadi Murmu.**

3. സിക്കിം മുഖ്യമന്ത്രിയായി പ്രേം സിംഗ് തമാംഗ് നാളെ സത്യപ്രതിജ്ഞ ചെയ്യും.

   **Prem Singh Tamang will be sworn in as Chief Minister of Sikkim tomorrow.**

4. പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിന് നാളെ തുടക്കം. ബജറ്റിലെ ധനാഭ്യർഥനകൾ പാസാക്കുന്നതിന് പ്രഥമ പരിഗണന.

   **The eleventh session of the fifteenth Kerala Legislative Assembly begins tomorrow. Priority is given to passing budget requests.**

5. ട്വൻ്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ -പാകിസ്ഥാൻ മത്സരം രാത്രി എട്ടിന്. ഫ്രഞ്ച് ഓപ്പൺ പുരുഷ സിംഗിൾസ് ഫൈനൽ ഇന്ന് വൈകിട്ട്.

**India-Pakistan match in Twenty20 World Cup cricket at 8 pm. French Open men's singles final tonight.**

&&&&&&&&&&&&&&&&&

## HEADLINE – 1,2

## PM- SWEARING-IN CEREMONY

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ എൻഡിഎ യുടെ പുതിയ സർക്കാർ കേന്ദ്രത്തിൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. രാഷ്ട്രപതി ഭവനിൽ വൈകിട്ട് 7.15-ന് നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും. കേന്ദ്രത്തിൽ പുതിയ മന്ത്രിസഭ അധികാരമേൽക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങുകൾക്ക് രാഷ്ട്രപതി ഭവനിൽ ഒരുക്കങ്ങൾ പൂർത്തിയായി. വിവിധ രാഷ്ട്രതലവന്മാർ ഉൾപ്പെടെയുള്ള നേതാക്കൾ ചടങ്ങിൽ വിശിഷ്ടാതിഥികളാകും. ശ്രീലങ്കൻ പ്രസിഡൻ്റ് റനിൽ വിക്രമസിംഗെ, മാലിദ്വീപ് പ്രസിഡൻ്റ് ഡോ. മുഹമ്മദ് മുയിസു, സീഷെൽസ് വൈസ് പ്രസിഡൻ്റ് അഹമ്മദ് അഫീഫ്, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന, മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ്, നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമാൽ ദഹൽ പ്രചണ്ഡ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ തുടങ്ങിയവരാണ് സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുന്ന പ്രമുഖ വിദേശനേതാക്കൾ. തുടർന്ന് രാഷ്ട്രപതി ഭവനിൽ പ്രസിഡൻ്റ് ദ്രൗപദി മുർമു സംഘടിപ്പിക്കുന്ന വിരുന്നിലും നേതാക്കൾ പങ്കെടുക്കും. വെള്ളിയാഴ്ചയാണ് ശ്രീ നരേന്ദ്രമോദി രാഷ്ട്രപതിയെ കണ്ട് സർക്കാർ രൂപീകരണത്തിന് അവകാശവാദം ഉന്നയിച്ചത്. നേരത്തെ

ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നദ്ദയുടെ നേതൃത്വത്തിൽ രാഷ്ട്രപതിയെ കാണുകയും ബിജെപി പാർലമെന്ററി പാർട്ടി നേതാവായി തിരഞ്ഞെടുത്തതായി അറിയിക്കുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&&

## PM - RAJGHAT

നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദി രാഷ്ട്രപിതാവ് മഹാത്മഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുന്നതിന് മുന്നോടിയായി ന്യൂഡൽഹിയിൽ രാഷ്ട്രപിതാവ് അന്ത്യവിശ്രമം കൊള്ളുന്ന രാജ്ഘട്ടിൽ അദ്ദേഹം പുഷ്പാർച്ചന നടത്തി. തുടർന്ന് ദേശീയ യുദ്ധ സ്മാരകത്തിൽ ശ്രീ നരേന്ദ്ര മോദി പുഷ്പ ചക്രം സമർപ്പിച്ചു.

&&&&&&&&&&&&&&&&

## DELHI - SECURITY

സത്യപ്രതിജ്ഞാ ചടങ്ങിൻറെ പശ്ചാത്തലത്തിൽ രാജ്യ തലസ്ഥാനത്ത് കനത്ത സുരക്ഷ ഏർപ്പെടുത്തി. വിദേശ രാഷ്ട്രത്തലവന്മാരും പ്രതിനിധികളും പങ്കെടുക്കുന്നതിനാൽ ത്രിതല സുരക്ഷാ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. നഗരത്തിൽ പാരാഗ്ലൈഡറുകൾ, പാരാമോട്ടറുകൾ, ഹാംഗ് ഗ്ലൈഡറുകൾ, ഡ്രോണുകൾ, ഹോട്ട് എയർ ബലൂണുകൾ എന്നിവ പറത്തുന്നത് ഡൽഹി പോലീസ് നിരോധിച്ചു. ഇന്നും നാളെയും ഈ നിരോധനം തുടരും. നഗരത്തിലെ വിവിധ റോഡുകളിൽ ഇന്ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ രാത്രി 11 മണി വരെ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## AKASHVANI SWEARING IN BROADCAST

സത്യപ്രതിജ്ഞാച്ചടങ്ങ് ആകാശവാണി ഡൽഹി നിലയം രാഷ്ട്രപതി ഭവനിൽ നിന്ന് തത്സമയം പ്രക്ഷേപണം ചെയ്യും. ചടങ്ങിന്റെ നേരിട്ടുള്ള പ്രക്ഷേപണം വൈകിട്ട് 6:45 മുതൽ എഫ്എം ഗോൾഡ്, ഇന്ദ്രപ്രസ്ഥ, ആകാശവാണി ലൈവ് ന്യൂസ് ചാനലുകളിൽ കേൾക്കാം. ഈ പ്രക്ഷേപണം ആകാശവാണിയുടെ യുട്യൂബ് ചാനലായ ആകാശവാണി എഐആറിലും തത്സമയം കാണാം. തിരുവനന്തപുരം, അഹമ്മദാബാദ്, ബംഗളൂരു, ചെന്നൈ, കട്ടക്ക്, ഗുവാഹത്തി, ഹൈദരാബാദ്, ഇംഫാൽ, കൊൽക്കത്ത, മുംബൈ, എന്നിവിടങ്ങളിലെ ആകാശവാണി സ്റ്റേഷനുകൾ പ്രാദേശിക ഭാഷകളിൽ വിവരണം പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&

## MEA-CONGRATULATION MESSAGES

ലോക്സഭാ തെരഞ്ഞെടുപ്പിലെ വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് അഭിനന്ദനം അറിയിച്ച ഒമാൻ, സൗദി അറേബ്യ ഉൾപ്പെടെയുള്ള മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലെ നേതാക്കൾക്ക് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ നന്ദി പറഞ്ഞു. സൗദി അറേബ്യയുടെ കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ അൽ സൗദ്, ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിഖ്, എന്നിവരെയെയാണ് വിദേശകാര്യ മന്ത്രാലയ വക്താവ് നന്ദി അറിയിച്ചത്. തിരഞ്ഞെടുപ്പിലെ വിജയത്തിൽ ശ്രീ നരേന്ദ്രമോദിയെ അഭിനന്ദിച്ചതിന് ചൈനീസ് വിദേശകാര്യ മന്ത്രാലയത്തിനും രൺധീർ ജയ്സ്വാൾ നന്ദി പറഞ്ഞു.

&&&&&&&&&&&&&&&&

## CONGRESS PARLIAMENTARY PARTY

കോൺഗ്രസ് പാർലമെൻററി പാർട്ടി നേതാവായി സോണിയഗാന്ധി എം.പി യെ വീണ്ടും തിരഞ്ഞെടുത്തു. ഇന്നലെ വൈകുന്നേരം ചേർന്ന പാർലമെന്ററി പാർട്ടി യോഗത്തിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയാണ് സോണിയാഗാന്ധിയുടെ പേര് നിർദ്ദേശിച്ചത്. സോണിയഗാന്ധി ഇത്തവണ രാജസ്ഥാനിൽ നിന്നാണ് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

&&&&&&&&&&&&&&&&

## HEADLINE – 3

## SIKKIM-SWEARING

സിക്കിം മുഖ്യമന്ത്രിയായി പ്രേം സിംഗ് തമാംഗ് നാളെ സത്യപ്രതിജ്ഞാ ചെയ്യും. ഗാംഗ്ടോക്കിലെ പാൽജോർ സ്റ്റേഡിയത്തിൽ വൈകുന്നേരം നാല് മണിക്കാണ് സത്യപ്രതിജ്ഞാ ചടങ്ങ്. മുഖ്യമന്ത്രിയോടൊപ്പം മറ്റ് മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേൽക്കും. ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ സത്യവാചകം ചൊല്ലിക്കൊടുക്കും. ഇത് രണ്ടാം തവണയാണ് ശ്രീ തമാംഗ് മുഖ്യമന്ത്രിയാകുന്നത്.

&&&&&&&&&&&&&&&&

## NTA- NEET UG

നീറ്റ് പരീക്ഷയിൽ 1,500 ലേറെ ഉദ്യോഗാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകിയത് പുന:പരിശോധിക്കുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നാല് അംഗ സമിതിയെ ചുമതലപ്പെടുത്തി. എൻ.ടി.എ ഡയറക്ടർ ജനറൽ സുബോധ് കുമാർ സിംഗ് ന്യൂഡൽഹിയിൽ വാർത്താസമ്മേളത്തിൽ അറിയിച്ചതാണ് ഇക്കാര്യം. യുപിഎസ്‌സി മുൻ ചെയർമാനായിരിക്കും സമിതിയുടെ അധ്യക്ഷൻ. ഒരാഴ്ചക്കുള്ളിൽ സമിതി നൽകുന്ന

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം പുതുക്കുന്ന കാര്യം പരിഗണിക്കുമെന്നും എൻ.ടി.എ ഡയറക്ടർ ജനറൽ പറഞ്ഞു.

&&&&&&&&&&&&&&&&&

## HEADLINE – 5
## T20 CRICKET WORLD CUP

ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. രാത്രി 8 മണിക്ക് ന്യൂയോർക്കിലാണ് മത്സരം. ആദ്യ മത്സരത്തിൽ അമേരിക്കയോട് പരാജയപ്പെട്ട പാകിസ്ഥാന് ഇത് നിർണ്ണായക മത്സരമാണ്. ഇന്ത്യ, അമേരിക്ക, കാനഡ, പാകിസ്ഥാൻ, അയർലണ്ട് എന്നീ ടീമുകൾ ഉൾപ്പെട്ട ഗ്രൂപ്പ് എ യിൽ നിലവിൽ അമേരിക്കയാണ് ഒന്നാമത്. പട്ടികയിൽ ഇന്ത്യ രണ്ടാമതും പാകിസ്ഥാൻ നാലാമതുമാണ്. രാത്രി പത്തരയ്ക്ക് നടക്കുന്ന ഗ്രൂപ്പ് ബി മത്സരത്തിൽ ഒമാൻ സ്കോട്ലൻഡിനെ നേരിടും. ഗ്രൂപ്പ് സി യിൽ ഇന്ന് നടന്ന മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് - ഉഗാണ്ടയെ 134 റൺസിന് തോൽപ്പിച്ചു.

&&&&&&&&&&&&&&&&&

## FRENCH OPEN TENNIS

ഫ്രഞ്ച് ഓപ്പൺ ടെന്നീസിൻറെ പുരുഷ സിംഗിൾസ് ഫൈനലിൽ സ്പാനിഷ് താരം കാർലോസ് അൽക്കാരസ്സും ജർമനിയുടെ അലക്സാണ്ടർ സ്വെരേവും ഏറ്റുമുട്ടും. റോളണ്ട് ഗാരോസിൽ ഇന്ന് വൈകിട്ട് ആറിനാണ് മത്സരം. ഇന്നലെ നടന്ന വനിതാ സിംഗിൾസിൻറെ കലാശക്കളിയിൽ ലോക ഒന്നാം നമ്പർ താരം പോളണ്ടിൻറെ ഇഗ സ്വിയാടെക് കിരീടം ചൂടി.

&&&&&&&&&&&&&&&&&

## HEADLINE – 4
## KERALA ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം നാളെ ആരംഭിക്കും. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകൾ വിശദമായി ചർച്ച ചെയ്ത് പാസാക്കുന്നതിനാണ് സമ്മേളനത്തിൽ പ്രഥമപരിഗണനന. ഈ മാസം 11 മുതൽ അടുത്ത മാസം 8 വരെ 13 ദിവസം ധനാഭ്യർത്ഥനകൾ ചർച്ച ചെയ്ത് പാസ്സാക്കും. 2024-ലെ കേരള പഞ്ചായത്ത് രാജ് രണ്ടാം ഭേദഗതി ബിൽ, കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ബിൽ എന്നിവ സമ്മേളനത്തിൽ അവതരിപ്പിക്കും. ആകെ 28 ദിവസമാണ് സഭാ സമ്മേളനം ചേരുന്നത്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ജൂലൈ 25-ാം തീയതി സമ്മേളനം അവസാനിപ്പിക്കുന്ന രീതിയിലാണ് നിലവിൽ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&

## RAMOJI RAO - LAST RITES

ഇന്നലെ അന്തരിച്ച മാധ്യമ - വ്യവസായ രംഗത്തെ അതികായനായ റാമോജി റാവുവിൻറെ സംസ്കാര ചടങ്ങുകൾ ഔദ്യോഗിക ബഹുമതികളോടെ നടത്താൻ തെലങ്കാന സർക്കാർ തീരുമാനിച്ചു. സംസ്കാരം ഇന്ന് ഹൈദരാബാദിലെ റാമോജി ഫിലിം സിറ്റിയിൽ നടക്കും. അദ്ദേഹത്തോടുള്ള ആദരസൂചകമായി ആന്ധ്രാപ്രദേശ് സർക്കാർ ഇന്നും നാളെയും ദുഃഖാചരണം പ്രഖ്യാപിച്ചു. ഈ ദിവസങ്ങളിൽ സംസ്ഥാനത്തുടനീളമുള്ള എല്ലാ ഔദ്യോഗിക സ്ഥാപനങ്ങളിലും ദേശീയപതാക പകുതി താഴ്ത്തിക്കെട്ടും. ഔദ്യോഗിക വിനോദ പരിപാടികളും ഒഴിവാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## TRAWLING

കേരളത്തിൽ ഇന്ന് അർദ്ധരാത്രി മുതൽ ട്രോളിങ് നിരോധനം. ആഴക്കടൽ മത്സ്യബന്ധനത്തിന് 51 ദിവസത്തെ അവധിനൽകുന്ന ട്രോളിങ് നിരോധനം അടുത്തമാസം 31-ന് അവസാനിക്കും. ഇതരസംസ്ഥാന മത്സ്യബന്ധനയാനങ്ങളെല്ലാം തീരം വിട്ടുപോകണമെന്ന് അധികൃതർ നിർദേശിച്ചു. ട്രോളിങ് കാലയളവിൽ മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകും.

&&&&&&&&&&&&&&&&&

## WEATHER - KERALA

കേരളത്തിൽ അടുത്ത നാല് ദിവസം ശക്തമായ കാറ്റിനും വ്യാപകമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർഗോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, തമിഴ്നാട് തീരങ്ങളിൽ രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 11 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&

## UP - PAPER LEAK LAW

സംസ്ഥാന സർക്കാർ നിയമനങ്ങൾക്കുള്ള പരീക്ഷയിലെ ചോദ്യപേപ്പർ ചോർച്ച ഉൾപ്പെടെയുള്ള ക്രമക്കേടുകൾ തടയുന്നതിന് പുതിയ നിയമനിർമ്മാണത്തിന് ഒരുങ്ങി ഉത്തർപ്രദേശ് സർക്കാർ. ഇത് സംബന്ധിച്ച് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് വിവിധ നിയമന കമ്മീഷൻ

തലവൻമാരുമായി ഇന്നലെ ലഖ്നൗവിൽ ഉന്നതതല യോഗം ചേർന്നു. നിയമന പരീക്ഷകളിലെ ഇത്തരം ക്രമക്കേടുകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&

## DELHI - ATISHI-LG EMERGENCY MEET

രാജ്യതലസ്ഥാനത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത് ചർച്ച ചെയ്യാൻ അടിയന്തര യോഗം വിളിക്കണമെന്ന് ഡൽഹി ജലമന്ത്രി അതിഷി, ലഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയോട് അഭ്യർത്ഥിച്ചു. ഹരിയാന സർക്കാർ ആവശ്യമായ ജലം വിട്ടു നൽകുന്നില്ലെന്ന് അറിയിക്കുന്നതിനാണ് യോഗം ചേരുന്നതെന്ന് ശ്രീമതി അതിഷി സമൂഹ മാധ്യമത്തിൽ അറിയിച്ചു. കേന്ദ്ര സർക്കാരിന്റെ പ്രതിനിധി എന്ന നിലയിൽ ഡൽഹി ലഫ്റ്റനന്റ് ഗവർണർ പ്രശ്നത്തിൽ ഇടപെടണമെന്നും അവർ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

## GAZA - HOSTAGES RECOVERD

ഗസയിൽ ഹമാസിൻറെ തടവിൽ നിന്ന് നാല് ബന്ദികളെ മോചിപ്പിച്ചതായി ഇസ്രായേൽ അറിയിച്ചു. സെൻട്രൽ ഗസ മുനമ്പിൽ നടന്ന പ്രത്യേക ഓപ്പറേഷനിലൂടെയാണ് നാല് പേരെയും മോചിപ്പിക്കാനായതെന്ന് അധികൃതർ അറിയിച്ചു. ബന്ദികളുടെ ആരോഗ്യനില തൃപ്തികരമാണ്. കൂടുതൽ വൈദ്യപരിശോധനകൾക്കായി ഇവരെ ആശുപത്രിയിലേക്ക് മാറ്റി.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&